**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെൽപാം യൂണിറ്റിൽ നടത്തിയ വികസനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കൊറ്റാമത്തു പ്രവർത്തിക്കുന്ന കെൽപാം യൂണിറ്റിന് 2016-17 മുതൽ 2022-23 വരെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ; | (എ) | 2016-17 മുതൽ 2022-23 വരെ കെൽപാമിന്റെ കൊറ്റാമത്തുള്ള CFSC യിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ 1 കോടി രൂപ (25 ലക്ഷം വീതം 4 തവണ) അനുവദിച്ചിട്ടുണ്ട്. സ്റ്റോർ റൂം, ഫ്രീസർ, ചില്ലർ റൂം, ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് എന്നിവ സ്ഥാപിച്ചു. കൂടാതെ കെൽപാം ഉത്പന്ന ങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏഴ് വ്യത്യസ്ത രുചികളിലുള്ള കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉത്പാദനം ലക്ഷ്യമാക്കി സെമി ഓട്ടോമാറ്റിക് പെറ്റ് ബോട്ടിൽ യൂണിറ്റ് സ്ഥാപിക്കുകയും, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉത്പാദനം ആരംഭിച്ച് കേരളത്തിലുടനീളം വിപണനം ചെയ്തു വരുന്നു. തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100 KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പന ഉത്പന്നങ്ങളുടെ കരകൗശലനിർമ്മാണ യൂണിറ്റ് സജ്ജമാക്കുന്നതിനു 2022-23-ൽ 25 ലക്ഷം രൂപ ഭരണാനുമതി നൽകിയെങ്കിലും 14 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക യൂണിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു. പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടില്ല. CFSC യിൽ നവീകരണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും കരകൗശലനിർമ്മാണ യൂണിറ്റിനായി 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തികൾക്കും നാളിതുവരെ എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ? | (ബി) | 2016-17 മുതൽ 2022-23 വരെ കെൽപാമിന്റെ കൊറ്റാമത്തുള്ള CFSC യിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ 1 കോടി രൂപ |

| | | | |
|---|---|---|---|
| | | | (25 ലക്ഷം വീതം 4 തവണ) അനുവദിച്ചിട്ടുണ്ട്. സ്റ്റോർ റൂം, ഫ്രീസർ, ചില്ലർ റൂം, ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് എന്നിവ സ്ഥാപിച്ചു. കൂടാതെ കെൽപാം ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏഴ് വ്യത്യസ്ത രുചികളിലുള്ള കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉത്പാദനം ലക്ഷ്യമാക്കി സെമി ഓട്ടോമാറ്റിക് പെറ്റ് ബോട്ടിൽ യൂണിറ്റ് സ്ഥാപിക്കുകയും, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉത്പാദനം ആരംഭിച്ച് കേരളത്തിലുടനീളം വിപണനം ചെയ്തു വരുന്നു. തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100 KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പന ഉത്പന്നങ്ങളുടെ കരകൗശലനിർമ്മാണ യൂണിറ്റ് സജ്ജമാക്കുന്നതിനു 2022-23-ൽ 25 ലക്ഷം രൂപ ഭരണാനുമതി നൽകിയെങ്കിലും 14 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക യൂണിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു. പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടില്ല. CFSC യിൽ നവീകരണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും കരകൗശലനിർമ്മാണ യൂണിറ്റിനായി 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ